**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**<u>സംഗ്രഹം</u>**

ഓൺലൈൻ പരീക്ഷ നടത്തിപ്പിനുള്ള ചോദ്യശേഖരനിർമ്മാണവുമായി ബന്ധപെട്ട പ്രവർത്തിച്ച അധ്യാപകർക്ക പാർട്ടിസിപേഷൻ സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പരീക്ഷാ വിഭാഗം ബി 9 സെക്ഷൻ**

നമ്പർ. 5031/EB 9/2019/എം.ജി.യു                                                  പ്രിയദർശിനി ഹിൽസ്,തീയതി: 19.10.2019

---

പരാമർശം:-1 . മൈക്രോബയോളജിയുടെ ബോർഡ് ഓഫ് സ്റ്റഡീസ് ചെയർപേഴ്സണായ കോലഞ്ചേരി സെന്റ് പീറ്റേഴ്സ് കോളേജിലെ ഡോ.കെ സുധ സമർപ്പിച്ച അപേക്ഷ

**<u>ഉത്തരവ്</u>**

പരാമർശം (1 ) പ്രകാരം മൈക്രോബയോളജിയുടെ ബോർഡ് ഓഫ് സ്റ്റഡീസ് ചെയർപേഴ്സണായ കോലഞ്ചേരി സെന്റ് പീറ്റേഴ്സ് കോളേജിലെ ഡോ.കെ സുധ ഓൺലൈൻ പരീക്ഷ നടത്തിപ്പിനുള്ള ചോദ്യശേഖര നിർമ്മാണവുമായി ബന്ധപെട്ട തന്റെ കീഴിൽ പ്രവർത്തിച്ച അധ്യാപകർക്ക പാർട്ടിസിപേഷൻ സർട്ടിഫിക്കറ്റ് നൽകുന്നതിനായി 23.08.2019 ൽ അപേക്ഷിച്ചിരുന്നു.

ഇതു പരിഗണിച്ച പരീക്ഷാ കൺട്രോളർ (i/c) താഴെ പറഞ്ഞിരിക്കുന്ന കാര്യങ്ങൾക്ക അനുമതി നൽകിയിരിക്കുന്നു.

1. ഓൺലൈൻ പരീക്ഷ നടത്തിപ്പിനുള്ള ചോദ്യശേഖരനിർമ്മാണവുമായി ബന്ധപെട്ട ഓരോ വിഷയത്തിലും ചോദ്യകർത്താക്കളെ കണ്ടെത്തുവാനും സഹകരിപ്പിക്കുവാനും നേതൃത്വം നൽകിയ ബന്ധപ്പെട്ട ബോർഡ് ഓഫ് സ്റ്റഡീസ്/ എക്സ്പെർട്ട് കമ്മിറ്റി ചെയർപേഴ്സൺസ് നൽകുന്ന ചോദ്യങ്ങൾ തയ്യാറാക്കി നൽകിയവരുടെ ലിസ്റ്റിൽ ഉള്ളവർക്ക് അക്കാര്യം വ്യക്തമാക്കുന്ന പാർട്ടിസിപേഷൻ സർട്ടിഫിക്കറ്റ് നൽകുക.

2. ബന്ധപ്പെട്ട വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഇ ബി വിഭാഗങ്ങൾ ലിസ്റ്റിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന അധ്യാപകർക്ക അംഗീകരിച്ച നിർദിഷ്ടമാതൃകയിൽ പാർട്ടിസിപേഷൻ സർട്ടിഫിക്കേറ്റ് ലെറ്റർ പാഡിൽ പ്രിന്റ് ചെയ്തു തയ്യാറാക്കുക.

3. തയ്യാറാക്കിയ സർട്ടിഫിക്കറ്റുകൾ അംഗീകരിക്കാനും ഒപ്പിട്ടു നൽകുവാനും അസിസ്റ്റന്റ് രജിസ്ട്രാർ 21 നെ ചുമതലപ്പെടുത്തുന്നു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഹരി പി

അസിസ്റ്റന്റ് രജിസ്ട്രാർ 21 (പരീക്ഷ)

Draft #2 of File 26270/EB9 SO/2019/CE .SECT Approved by ASSISTANT REGISTRAR XXI (EXAM) on 19-Oct-2019 03:24 PM - Page 1

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

പരീക്ഷ കൺട്രോളർക്കു വേണ്ടി

പകർപ്പ്

1 . ബന്ധപ്പെട്ട ബോർഡ് ഓഫ് സ്റ്റഡീസ്/ എക്സ്പെർട്ട് കമ്മിറ്റി ചെയർപേഴ്സൺസ്

2 .വൈസ് ചാൻസിലർ /പ്രൊ വൈസ് ചാൻസിലർ എന്നിവരുടെ പി എസ്

3 . റെജിസ്ട്രാർ /പരീക്ഷ കൺട്രോളർ എന്നിവരുടെ പി എ

4 . ജെ ആർ/ ഡി ആർ /എ ആർ (പരീക്ഷ/ അക്കാദമിക് )

5 .ബന്ധപ്പെട്ട ഇ ബി വിഭാഗങ്ങൾ

6 .കണ്ടെന്റ് മാനേജ്‌മെന്റ് വിഭാഗം

7 . ഫയൽ പകർപ്പ്/ സ്റ്റോക്ക് ഫയൽ/ റെക്കോർഡ് വിഭാഗം

Draft #2 of File 26270/EB9 SO/2019/CE .SECT Approved by ASSISTANT REGISTRAR XXI (EXAM) on 19-Oct-2019 03:24 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം